# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6000

28/10/2011 ൽ മറുപടി നൽകേണ്ടിയിരുന്നത്

## സൂപ്പർന്യൂമററി തസ്തികകൾ

ചോദ്യം:

ഡോ. എൻ. ജയരാജ്:
ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ. പി.സി.ജോർജ്ജ്
ശ്രീ. തോമസ് ഉണ്ണിയാടൻ

ഉത്തരം:

ശ്രീ. ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

(എ) എൽ.ഡി.ക്ളാർക്ക് എൻട്രി കേഡർ തസ്തികയിൽ സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത വകുപ്പുകൾ ഏതെല്ലാം; റിപ്പോർട്ട് ചെയ്യാത്ത വകുപ്പുകൾ ഏതെല്ലാം;

(എ) എൽ.ഡി.ക്ളാർക്ക് എൻട്രി കേഡർ തസ്തികയിൽ സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തതും ചെയ്യാത്തതുമായ വകുപ്പുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.

(ബി) റിപ്പോർട്ട് ചെയ്യാത്ത വകുപ്പുകൾക്കെതിരെ എന്തു നടപടികൾ സ്വീകരിച്ചു;

(ബി) 27.12.2011ലെ സർക്കുലർ പ്രകാരം പ്രതീക്ഷിത ഒഴിവുകളും, അതിന്മേൽ സൃഷ്ടിച്ച സൂപ്പർന്യൂമററി തസ്തികകളിലെ ഒഴിവുകളും ഇനിയും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്ത നിയമനാധികാരികൾ അവ എത്രയും വേഗം അറിയിക്കണമെന്നും, പ്രസ്തുത നിർദ്ദേശം പാലിക്കാത്ത നിയമനാധികാരികൾക്കെതിരെ നടപടി സ്വീകരിക്കണം എന്നും വകുപ്പ് മേധാവികളെ അറിയിച്ചിട്ടുണ്ട്.

(സി)1)എൽ.ഡി.ക്ളാർക്ക്/വില്ലേജ് അസിസ്റ്റന്റ് /ജൂനിയർ അക്കൗണ്ടന്റ്
2) യു.ഡി.ക്ളാർക്ക്/സ്പെഷ്യൽ വില്ലേജാഫിസർ/സീനിയർ അക്കൗണ്ടന്റ്
3) ഹെഡ് ക്ളാർക്ക്/വില്ലേജ് ഓഫീസർ/റവന്യൂ ഇൻസ്പെക്ടർ,
4) ജൂനിയർ സൂപ്രണ്ട്/ഡെപ്യൂട്ടി തഹസിൽദാർ.
5) സീനിയർ സൂപ്രണ്ട്/തഹസിൽദാർ/ലേ സെക്രട്ടറി.
6) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്/ അക്കൗണ്ട്സ് ഓഫീസർ/ഡെപ്യൂട്ടി കളക്ടർ

എന്നീ തസ്തികകളിൽ 2012 മാർച്ച് 31ന് വിരമിക്കുന്ന ജീവനക്കാരുടെ തസ്തികകളുടെ ഇനം തിരിച്ചുള്ള എണ്ണം വ്യക്തമാക്കാമോ ?

(സി) വിശദ വിവരം അനുബന്ധമായി ചേർക്കുന്നു.

| | |
|---|---|
| (ഡി) മേൽപ്പറഞ്ഞ തസ്തികകളിൽ എൻട്രി കേഡറിൽ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് പി.എസ്.സി.യിലേക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം എത്ര? | (ഡി) മേൽപ്പറഞ്ഞ തസ്തികകളിൽ എൻട്രി കേഡറിൽ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് പി.എസ്.സി.യിലേക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം 1160 ആണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്